## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2429 — 09-12-2014 ലെ മറുപടിയ്ക്ക്

**താലൂക്ക് തലത്തിൽ ലോട്ടറി ഓഫീസുകൾ ആരംഭിക്കുന്നതും പാലക്കാട് ജില്ലാ ലോട്ടറി ഓഫീസിലെ സ്ഥലപരിമിതിയും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ചന്ദ്രൻ** : | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) താലൂക്ക് തലത്തിൽ ലോട്ടറി ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; | എ) കട്ടപ്പന, പുനലൂർ, താമരശ്ശേരി എന്നിവിടങ്ങളിൽ താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് 11 ജില്ലകളിൽക്കൂടി താലൂക്ക്തല ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| ബി) ലോട്ടറി ക്ഷേമനിധിയിലെ അംഗങ്ങൾ കാരുണ്യ പദ്ധതിയനുസരിച്ച് അപേക്ഷ സമർപ്പിക്കുന്ന രോഗികൾ, മറ്റു ബന്ധപ്പെട്ടവർ എന്നിവർക്ക് ഇതുമൂലം സൗകര്യം ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ ; | ബി) ഉണ്ട്. |
| സി) പാലക്കാട് ജില്ലാ ലോട്ടറി ഓഫീസിലെ സ്ഥലപരിമിതി ലോട്ടറി വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | സി) & ഡി) ശ്രദ്ധയിൽ വന്നിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതയും സൌകര്യങ്ങളും പരിശോധിച്ച് അനുയോജ്യമായ പ്രൊപ്പോസൽ ഭാഗ്യക്കുറി ഡയറക്ടറിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) പാലക്കാട് സിവിൽ സ്റ്റേഷനിൽതന്നെ താഴത്തെ നിലയിൽ അനുയോജ്യമായ സ്ഥലത്തേയ്ക്ക് ഈ ഓഫീസ് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ.